"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ ചെമ്പ് മാവേലി സ്റ്റോറിന്റെ ഓഫീസർ ഇൻ ചാർജ്ജായിരുന്ന ശ്രീ. എൻ. എൻ. ശ്രീനിവാസൻ (Rtd)-ന്റെ ബാധ്യത തുകഎഴുതി തള്ളുന്നതിന് സപ്ലൈക്കോ സിഎംഡി-യ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.60/2025/F&CS തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1. 07/08/2017ലെ സ.ഉ (അച്ചടി) നം.102/2017/ധന ഉത്തരവ്.

2. സപ്ലൈക്കോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 26/10/2021, 25/07/2022-തീയതികളിലെ D25-25307/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സപ്ലൈകോ ചെമ്പ് മാവേലി സ്റ്റോറിന്റെ 01/04/2013 മുതൽ 28/11/2013 വരെയുള്ള കാലയളവിലെ കണക്കുകൾ പരിശോധിച്ചതിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് ഓഫീസർ ഇൻ ചാർജ്ജായിരുന്ന ശ്രീ എൻ. എൻ. ശ്രീനിവാസന് 35683.79/- രൂപ (30240.50 + 18% പലിശ) ബാധ്യത നിശ്ചയിച്ച് നൽകിയിട്ടുള്ളതായും, പ്രസ്തുത ബാധ്യത തുക ഈടാക്കുന്നതിനായി ടിയാന് ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും, അതിനെതിരെ ശ്രീ ശ്രീനിവാസൻ സമർപ്പിച്ച അപേക്ഷയിൽ, ടിയാന്റെ ഭാര്യ മരണപ്പെട്ട് പോയതായും, കടുത്ത പ്രമേഹം മൂലം ടിയാന്റെ കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ടിരിക്കുകയാണെന്നും, ഏകമകൾ വിദ്യാഭ്യാസം ചെയ്യുകയാണെന്നും, ആകെയുള്ള വരുമാനം 2250/- രൂപയാണെന്നും, ആയതിനാൽ ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതായും, ടിയാന് ഗ്രാറ്റുവിറ്റി കൂടാതെ 291 ദിവസത്തെ ടെർമിനൽ സറണ്ടറും സപ്ലൈക്കോയിൽ നിന്ന് അനുവദിച്ചിട്ടുള്ളതായും, മാനുഷിക പരിഗണന നൽകി ഈ ശ്രീ. എൻ.എൻ. ശ്രീനിവാസന്റെ (Rtd) ബാധ്യത എഴുതി തള്ളുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സപ്ലൈക്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി സപ്ലൈകോ ചെമ്പ് മാവേലി സ്റ്റോറിന്റെ ഓഫീസർ ഇൻ ചാർജ്ജായിരുന്ന ശ്രീ എൻ. എൻ. ശ്രീനിവാസന്റെ ബാധ്യത തുകയായ 35683.79/- രൂപ (30240.50 + 18% പലിശ) എഴുതി തള്ളുന്നതിന് സപ്ലൈക്കോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത് കുമാർ ഐ എ എസ്

സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ (പി.യു-ബി) വകുപ്പ് (2265597/PU-B2/100/2022-FIN dated 27/03/2023)
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (No. FCSD-C3/130/2021-FCSD)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
Date: 05-03-2025 17:14:59

സെക്ഷൻ ഓഫീസർ